സാഹിത്യവാരഫലം

1984/06/24 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1984/06/24-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



നയൻതാരാ സെഗാൾ

മുൻപ് എസ്. കെ. നായരുടെ ആധിപത്യത്തിൽ പ്രസാധനം ചെയ്തിരുന്ന മലയാളനാട്ടു വാരികയിൽ ഈ പംക്തി പതിവായി പ്രത്യക്ഷപ്പെട്ടിരുന്നപ്പോൾ ഒരു മാന്യൻ ഇതിനെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കുത്സിതത്വമായി—ഈവിൾ നെസെസിറ്റിയായി—ചിത്രീകരിച്ചു. ഞാൻ അദ്ദേഹത്തോടു തർക്കിക്കാൻ പോയില്ല. ഇതിനെക്കുറിച്ചു നല്ല അഭിപ്രായം പറയുന്നവരുമുണ്ടെന്നു കാണിക്കാൻ, പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ ബന്ധു നയൻതാരാ സെഗാൾ 'സാഹിത്യവാരഫല'ത്തെക്കുറിച്ച് ഉതിർത്ത പ്രശംസാവചനങ്ങൾ ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുചെന്നു. വടക്കേയിന്ത്യയിലേക്കു പോയ 'മലയാളനാട്' പത്രാധിപസമിതിയിലെ അംഗങ്ങൾ നയൻതാരയെ കണ്ടപ്പോൾ ഈ പംക്തിയിൽ വന്ന ഒരു ലേഖനം ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തു നല്കി. ശ്രീമതി അതു വായിച്ചിട്ടു ലോകത്തൊരിടത്തും ഇത്രത്തോളം ആകർഷകത്വമുള്ള മറ്റൊരു കോളം ഇല്ലെന്നു പറഞ്ഞു. പ്രതിഭാശാലികൾ മറ്റുള്ളവരെ നിന്ദിക്കാറില്ല. തങ്ങൾക്കിഷ്ടമില്ലാത്ത രചനകളെപ്പോലും അവർ വാഴ്ത്താറേയുള്ളൂ. നോവലിസ്റ്റായ നയൻതാര മലയാളനാട് പത്രാധിപരെയും മറ്റംഗങ്ങളെയും നോക്കി നാലു നല്ല വാക്കു വെറുതേ പറഞ്ഞതാണെന്നു തന്നെയിരിക്കട്ടെ. എന്നാലും ഈ പംക്തി ദുഷ്ടമായ ആവശ്യകതയാകുന്നതെങ്ങനെ?

തിന്മകൾ അന്യോന്യം കൈമാറ്റം ചെയ്യാൻ സഹായിക്കുന്ന ഒരു ഓഫീസ് മുമ്പ് ഉണ്ടായിരുന്നു. അവിടെയുള്ള ഒരുത്തൻ—നരകവുമായി ഇടപാടുള്ള ഒരു ഭയങ്കരൻ—തിന്മകൾ 'എക്സ്ചെയ്ഞ്ച്' ചെയ്യും. ഒരു ദിവസം താനറിയാതെ വിഷം കഴിച്ചിട്ട് ഒരുത്തൻ ആ ഓഫീസിൽ ഓടിക്കയറിച്ചെന്നു. പന്ത്രണ്ടു മണിക്കൂർ മാത്രമേ അയാൾ ജീവിച്ചിരിക്കുകയുള്ളൂ. തിന്മകൾ കൈമാറ്റം ചെയ്തുകൊടുക്കുന്നവൻ അയാളെ സഹായിച്ചു. വേറൊരുത്തന്റെ ജീവനെടുത്ത് വിഷം കഴിച്ചവനു കൊടുത്തു. വിഷം കഴിച്ചവന്റെ മരണമെടുത്തു മറ്റേയാൾക്കും. ഇക്കഥ പറയുന്നയാൾ യാദൃച്ഛികമായി ലിഫ്റ്റിൽ കയറാൻ പേടിയുള്ള ഒരാളെ കണ്ടു. കഥ പറയുന്നയാളിന് കടലിൽ യാത്ര ചെയ്യാൻ വയ്യ. കടൽച്ചൊരുക്ക് ഉണ്ടാകും. രണ്ടുപേരും തിന്മകൾ ഓഫീസ് അധികാരിയുടെ സാന്നിദ്ധ്യത്തിൽ കൈമാറ്റം ചെയ്തു. പ്രമാണത്തിൽ ഒപ്പു വച്ച് പണവും കൊടുത്തിട്ട് കഥ പറയുന്ന ആൾ ഹോട്ടലിൽ എത്തിയപ്പോൾ തളർന്നു. ലിഫ്റ്റിൽ കയറി അയാൾക്കു മുകളിലേക്കു പോകാൻ വയ്യ. (ഐറിഷ് നാടകകർത്താവ് ലോർഡ് ഡൺസേനി, മരണം 1957, എഴുതിയ ഒരു കഥ വായിച്ച ഓർമ്മയിൽ നിന്ന്.)

സാഹിത്യവാരഫലം തിന്മയാണെന്നിരിക്കട്ടെ. എന്നാലും ഞാനതു നവീന നിരൂപണവുമായി എക്സ്ചെയ്ഞ്ച് നടത്തുമോ? ഇല്ല. നവീന കവിതയുമായി, നവീന കഥയുമായി എക്സ്ചെയ്ഞ്ച് നടത്തുമോ? ഇല്ലേയില്ല. ജീവൻ അങ്ങോട്ടു കൊടുത്തിട്ട് മരണം ഇങ്ങോട്ടു വാങ്ങുമോ? ഈ ലോകത്തു ജനിക്കുന്നതാണ് ഏറ്റവും വലിയ ദുഃഖമെന്നു സാമുവൽ ബക്കറ്റ് പറഞ്ഞിട്ടുണ്ട്. ജനിച്ച സ്ഥിതിക്ക് ഇനിയുള്ള ഹ്രസ്വകാലം കൂടി ഞാൻ ജീവിച്ചു കൊള്ളട്ടെ.

'ദൂരദർശിനി' എന്ന മരണം



W. W. Jacobs

രാത്രി, പെട്ടെന്ന് ഉണർന്നപ്പോൾ അടച്ച ജന്നലിന്റെ കണ്ണാടിയിലൂടെ ആരോ തുറിച്ചു നോക്കുന്നുവെന്ന തോന്നൽ. വെറും തോന്നലായിരിക്കാമെന്നു കരുതി വീണ്ടും സൂക്ഷിച്ചു നോക്കുന്നു. നോക്കുന്തോറും രൂപത്തിന്റെ വ്യക്തത കൂടിക്കൂടി വരുന്നു. പേടികൊണ്ട് എഴുന്നേല്ക്കാൻ വയ്യ. എങ്കിലും ഒരു വിധത്തിൽ എഴുന്നേറ്റ് ജന്നൽ തുറക്കുന്നു. തൊടിപ്പുറത്തു നില്ക്കുന്ന മരത്തിന്റെ ഇലപ്പടർപ്പിൽ ദൂരെയുള്ള തെരുവുവിളക്കിന്റെ പ്രകാശം വീണപ്പോൾ അതിന്റെ നിഴൽ കണ്ണാടിയിൽ പതിച്ചതാണ് ആ രൂപമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ പേടിയാണ് പ്രേതകഥകളുടെ ജനനത്തിനു ഹേതുവായിത്തീരുന്നത്. അതു വേണ്ട രീതിയിൽ പ്രതിപാദിച്ചാൽ പ്രേതങ്ങളിൽ വിശ്വാസമില്ലാത്തവർക്കും രസമുളവാകും. ക്ലാസിക് എന്നു നിരൂപകർ വിശേഷിപ്പിക്കുന്ന Monkey's Paw (W. W. Jacobs എഴുതിയത്) വായിക്കൂ. പ്രേതദർശനം മതിവിഭ്രമമാണെന്നു കരുതുന്നവർ ത്രസിച്ച് ഇരുന്നു പോകും. എന്നാൽ സീനത്ത് കുങ്കുമം വാരികയിലെഴുതിയ 'ജിന്നും ഞാനും' എന്ന പ്രേതകഥ വായിച്ചാലോ? വൈദ്യൻ കഷായമുണ്ടാക്കാനായി എഴുതിത്തരുന്ന ഡാപ്പ് ഇതിനെക്കാളെത്രയോ ഭേദം എന്ന് വിചാരിച്ചു പോകും. ജിന്നാണ് കഥ പറയുന്ന ആളിന്റെ മുൻപിൽ എത്തുന്നത്. നല്ലകാര്യം തന്നെയാണ് ജിൻ ഉപദേശിക്കുന്നതും. പക്ഷേ, അതു കൊണ്ടെന്തു പ്രയോജനം? റേഡിയോ ഗർജ്ജിച്ചാൽ അവനെ സ്വിച്ചോഫ് ചെയ്തുകളയാം. വീട്ടിലാരെങ്കിലും ടെലിവിഷൻ ഓൺ ചെയ്താൽ, അപ്പോൾ വൈരൂപ്യമാർന്ന സ്ത്രീയോ പുരുഷനോ ന്യൂസ് വായന എന്ന പേരിൽ ഗോസായി ഭാഷയുടെ ശബ്ദം കേൾപ്പിച്ചാൽ അടുത്ത മുറിയിൽച്ചെന്ന് കൈയിൽ കിട്ടുന്ന വാരിക വായിച്ചുകൊണ്ടിരിക്കാം. ദൗർഭാഗ്യം കൊണ്ടു കിട്ടുന്നതു കുങ്കുമം വാരികയുടെ 39-ആം ലക്കവും തുറന്നെടുക്കുന്നതു സീനത്തിന്റെ കഥയുള്ള പേജുമാണെങ്കിൽ എന്തുചെയ്യും? പിന്നീട് രക്ഷപ്പെടാൻ മുറിയില്ലെങ്കിൽ, ആകെ ഒന്നുള്ളതു കക്കൂസ് മാത്രമാണെങ്കിൽ! അതിനകത്തു കയറിക്കൊള്ളണം. അവിടെ നിന്നുകൊണ്ട് "ആ ടെലിവിഷൻ ഒന്നു നിറുത്ത്, നിറുത്ത്" എന്നു പിള്ളേരോട് ആജ്ഞാപിക്കാം. ഇപ്പോഴത്തെ പിള്ളേർ പറഞ്ഞാൽ കേൾക്കുന്നവരല്ല. എങ്കിലും തന്തയ്ക്ക് എന്തോ ആപത്തെന്നു വിചാരിച്ച് അവർ ദൂർദർശിനി 'ടേണോഫ്' ചെയ്തേക്കും.



കക്കൂസ് എന്ന പദം എഴുതിയപ്പോൾ ഒരു കാവ്യം ഓർമ്മയിലെത്തി. ഞാൻ തിരുവനന്തപുരത്തെ ആർട്സ് കോളേജിൽ ജോലി നോക്കിയിരുന്നപ്പോൾ ഒരു യുവാവ് അദ്ദേഹം രചിച്ച കാവ്യങ്ങളുടെ സമാഹാരഗ്രന്ഥം കൊണ്ടു തന്നു. ഞാനും ഇന്നു ഹിന്ദി പ്രൊഫസറായിരിക്കുന്ന കൃഷ്ണപിള്ളയും കൂടി അതു വായിച്ചു രസിച്ചു. അതിലെ രണ്ടുവരി: "കക്കൂസ് തോടിന്റെ ചാരത്തു നില്ക്കുന്ന കൊച്ചു പൂവോ" കൊച്ചുപൂവിനു നില്ക്കാൻ കണ്ട സ്ഥലം നോക്കൂ. കൃഷ്ണപിള്ള ചിരിച്ചപ്പോൾ ഞാൻ പറഞ്ഞു. "ചിരിക്കാനൊന്നുമില്ല. ഇതു പി. എച്ച്. ഡി. തീസിസിനുള്ള വിഷയമാണ്. The concept of lavation in modern Malayalam Poetry എന്നതു സർവകലാശാലയുടെ അനുമതിക്കായി അയച്ചു കൊടുക്കാം". ഇതു കേട്ടപ്പോൾ കൃഷ്ണപിള്ള പറഞ്ഞു: "ഈ തിരുമലക്കാരന്റെ കവിതയിൽ 'ലവറ്റോറി'യുടെ പരാമർശം ഉണ്ടെങ്കിലും നവീന മലയാള കവിതയിൽ അതില്ലല്ലോ". ഞാൻ മറുപടി നല്കി. "കൃഷ്ണപിള്ളേ, വാക്കില്ലെങ്കിലും കവിതയിൽ അതുണ്ട്. ജോയിസിന്റെ 'യൂലിസീസ്സി'ലും സ്വിഫ്റ്റിന്റെ നോവലിലും ഫ്രാങ്സ്വ റബ്ലേയുടെ ഗാർഗൻചൊ എന്ന കൃതിയിലും വിസർജ്ജനത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ വാടയില്ല. വാടയുള്ളത് അതിന്റെ പരാമർശമില്ലാത്ത നവീന കവിതയിലാണ്. പിന്നെ സർവകലാശാല അത്ര വേഗം ഈ വിഷയത്തിന് അപ്രൂവൽ—സമ്മതി—തരില്ല. സ്പെസിഫിക് ആയിരിക്കണം വിഷയമെന്ന് അവർ പറയും. അപ്പോൾ നമുക്ക് ഇങ്ങനെ എഴുതി അയയ്ക്കാം. 'The concepts of lavation and coprophilia in modern Malayalam poetry with special reference to the collection of poems by the Thirumala poet'. അപ്രൂവൽ വരും. റിസർച്ച് ആകാം. ഒരു സൂപർവൈസിങ് ടീച്ചറുടെ റേറ്റ് തുച്ഛമായ അയ്യായിരം രൂപ മാത്രം. ഡിഗ്രിയെടുക്കാം. ഒരു ബാഗും തൂക്കി ഒരു വശം ചരിഞ്ഞു നടക്കാം. പിന്നെ ഗോപാലപിള്ളയോ ജോണോ ഒന്നുമല്ല. ഡർർ ഗോപാലപിള്ള, ഡർർ ജോൺ". അപ്പോൾ തമിഴ് പ്രൊഫസർ ആർ. എച്ച്. എസ്. മണിയുടെ ചോദ്യം. എന്താണ് കൊപ്രഫീലിയ? 'An extreme interest in faeces' എന്ന് എന്റെ ഉത്തരം.

ജനവഞ്ചന അരുത്

കരയാത്ത ചെറുപ്പക്കാരൻ കാട്ടാളനും ചിരിക്കാത്ത വൃദ്ധൻ മണ്ടനുമാണെന്ന് സാന്തായാനാ എന്ന തത്ത്വചിന്തകൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഡോക്ടർ ജയകുമാരി പത്മജൻ 'കുമാരി' വാരികയിലെഴുതിയ 'ദുഃഖപുത്രികൾ' എന്ന കഥ വായിച്ച് പ്രായം കൂടിയ ഞാൻ ചിരിക്കുന്നു. ചിരിക്ക് സാന്തായാന മാത്രമല്ല കാരണക്കാരൻ. ഒരു ദിവസം ചങ്ങമ്പുഴയും ഞാനും കൂടി എറണാകുളത്തെ പാർക്കിൽ ഇരുന്നപ്പോൾ ഒരു മുടന്തൻ യാചിച്ചുകൊണ്ട് അവിടെയെത്തി. അംഗവൈകല്യം കണ്ട് അന്ന് സ്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാൻ ചിരിച്ചപ്പോൾ ചങ്ങമ്പുഴ ദേഷ്യത്തോടെ പറഞ്ഞു: മനുഷ്യന്റെ അംഗഭംഗം കണ്ടു ചിരിക്കരുത്. കലയിലെ വൈരൂപ്യം കണ്ടു ചിരിക്കാം, ചിരിക്കണം.



ഷ്നിറ്റ്സ്ലർ

ഡോക്ടർ ജയകുമാരി കഥയെഴുതി പ്ലാറ്റിറ്റ്യൂഡിൽ—ഒരു കഴമ്പുമില്ലാത്ത സാധാരണമായ പ്രസ്താവത്തിൽ—അഭിരമിക്കുന്നതുപോലെ അവരുടെ ഒരു കഥാപാത്രവും അതിൽ അഭിരമിക്കുന്നു. "ഭർത്താവും ഭാര്യയുമല്ലേ ചട്ടിയും കലവും പോലെ തട്ടിയും മുട്ടിയും കിടക്കും. ഭർത്താവിന്റെ ദോഷങ്ങളെ പെരുപ്പിച്ചു കാണരുത്". ഇത് ഉപദേശമായി നല്കിയ കഥാപാത്രം (വൃമൻ ഡോക്ടർ) വിധവയാണെന്ന് ആ ഉപദേശം ചെവിക്കൊണ്ട മറ്റൊരു കഥാപാത്രം ഗ്രഹിക്കുന്നു. ചെഞ്ചുണ്ടിൽ അങ്കുരിച്ച പുഞ്ചിരിയെ പുറങ്കൈ കൊണ്ടു തുടച്ചുകൊണ്ട് അവൾ നിങ്ങളുടെ ശരീരത്തോടു ചേർന്നിരിക്കുമ്പോൾ അതൊരു അന്യാദൃശമായ—യൂണിക്കായ—നിമിഷമാണ്. ചുറ്റും വന്മരങ്ങൾ നില്ക്കുന്ന ജലാശയത്തിൽ ചന്ദ്രക്കല പ്രതിഫലിച്ചു കാണുമ്പോൾ അതൊരു ഹർഷോന്മാദത്തിന്റെ നിമിഷമാണ്. ഷ്നിറ്റ്സ്ലറുടെ 'മരിച്ചവർ മിണ്ടുകില്ല' എന്ന കഥ വായിക്കുമ്പോഴും ആനന്ദനിർവൃതിയുടെ അസുലഭ നിമിഷം സംജാതമാകുന്നു. ഇത് ഉളവാക്കാൻ കഴിവില്ലാത്തവർ തൂലികയെടുക്കുന്നത് ശരിയല്ല എന്നു ഞാൻ പറയുന്നില്ല. സ്വന്തം മാനസോല്ലാസത്തിനുവേണ്ടി വല്ലതും എഴുതുന്നതു തടയാൻ എനിക്കെന്ത് അധികാരം? എങ്കിലും ഇതൊക്കെ സാഹിത്യമല്ലെന്നു പറഞ്ഞില്ലെങ്കിൽ അതു ജനവഞ്ചനയായിരിക്കും.

ബോർഹെസ്



ബോർഹെസ്

ലാറ്റിനമേരിക്കൻ സാഹിത്യകാരനായ ബോർഹെസ്സിന് 1983 ആഗസ്റ്റ് 24-ആം തീയതി 84 വയസ്സു തികഞ്ഞു. അദ്ദേഹം എഴുതിയ 1983 ആഗസ്റ്റ് 25 എന്ന ചെറുകഥ ഇലസ്ട്രേറ്റഡ് വീക്ക്ലിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബോർഹെസ് കഥ പറയുകയാണ്. അദ്ദേഹം ഹോട്ടൽ മുറിയിലേക്കു പോകാൻ ബുക്കിൽ പേരെഴുതാൻ ഭാവിച്ചു. അദ്ഭുതകരം. ആരോ ബോർഹെസ് എന്നെഴുതിയിരിക്കുന്നു അതിൽ. പത്തൊമ്പതാം നമ്പർ മുറിയിലേക്കു നേരത്തേ പോയ ബോർഹെസ് തന്നെക്കാൾ പ്രായം കൂടിയവനാണെന്നു മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം അങ്ങോട്ടു ചെന്നു. അവിടെ കിടക്കുന്നു ആദ്യം ചെന്ന ബോർഹെസ്. കിടക്കുന്ന രൂപം പറഞ്ഞു: "എന്തു വിചിത്രം, നമ്മൾ രണ്ടു പേരാണ്. നമ്മൾ ഒരാളും. പക്ഷേ, സ്വപ്നങ്ങളിൽ വിചിത്രമായി ഒന്നുമില്ല". മുറിയിൽ ചെന്ന ബോർഹെസ് അവിടെ കിടക്കുന്ന ബോർഹെസ്സിനെ അറിയിച്ചു: "പക്ഷേ, ഇന്നലെയായിരുന്നു എന്റെ അറുപത്തൊന്നാമത്തെ ജന്മദിനം".

അപ്പോൾ മറ്റേ രൂപം: "നിങ്ങൾ ഈ രാത്രിയിലെത്തുമ്പോൾ നിങ്ങളുടെ എൺപത്തിനാലാമത്തെ ജന്മദിനം ഇന്നലെയായിരിക്കും. ഇന്ന് 1983 ആഗസ്റ്റ് 25 ആണ്".

കഥ സംഗ്രഹിച്ചെഴുതുന്നില്ല സ്ഥലപരിമിതിയെ പരിഗണിച്ച്. കഥയുടെ അവസാനത്തിൽ എൺപത്തിനാലു വയസ്സുള്ള ബോർഹെസ് മരിക്കുന്നു. അവിടെ ചെന്നു കയറിയ ബോർഹെസ് മുറിയിൽ നിന്ന് ഓടിപ്പോയി. വെളിയിൽ മറ്റു സ്വപ്നങ്ങൾ അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു.

നമ്മൾ സ്വപ്നം കാണുന്നു. സ്വപ്നദർശകരായ നമ്മൾ മറ്റൊരുടെയോ സ്വപ്നമല്ലെന്ന് എങ്ങനെയറിയാം. ഹാംലെറ്റ് നാടകം അഭിനയിക്കുകയാണെന്നിരിക്കട്ടെ. അതിലെ അന്തർനാടകം രാജാവും ഗർട്രൂഡും മറ്റുള്ളവരും കണ്ടു കൊണ്ടിരിക്കുന്നു. അവരെ നമ്മൾ കാണുന്നു. നമ്മൾ തന്നെ മറ്റൊരു നാടകത്തിലെ കഥാപാത്രങ്ങളല്ലെന്ന് എങ്ങനെയറിയാം? ജീവിതത്തെസ്സംബന്ധിച്ച പ്രഹേളികയെ തന്റേതായ രീതിയിൽ ആവിഷ്കരിക്കുകയാണ് ബോർഹെസ്. മറ്റൊരാശയവും കൂടി ഇക്കഥയിലുണ്ട്. ഒരുദാഹരണം കൊണ്ട് അതു വ്യക്തമാക്കാൻ ശ്രമിക്കാം. വർഷങ്ങൾക്കു മുമ്പ് പി. കെ. ബാലകൃഷ്ണന്റെ 'പ്ലൂട്ടോ, പ്രിയപ്പെട്ട പ്ലൂട്ടോ' എന്ന നോവൽ കലാത്മകമല്ലെന്നു കാണിച്ച് 'കൗമുദി' വാരികയിൽ എഴുതി. ഇന്നു ചെയ്യാറുള്ളതു പോലെ അന്നും ഒരു പടിഞ്ഞാറൻ കൃതിയുടെ സൗന്ദര്യം വ്യക്തമാക്കി. സ്പാനിഷ് കവി റാമോൺ ഹിമനേത്തിന്റെ (Ramon Jimenez, നോബൽ സമ്മാനം 1956) Platero and I എന്ന ഗദ്യകാവ്യം—ഒരു കഴുതയുടെ ജീവിതം ചിത്രീകരിക്കുന്ന കാവ്യം—എടുത്തു കാണിച്ചു. വഴക്കുണ്ടാക്കാനായിരിക്കണം പത്രാധിപർ ആ ലേഖനത്തിന് ഞാനെഴുതാത്ത ഒരു തലക്കെട്ടു നല്കി, പി. കെ. ബാലകൃഷ്ണൻ ഹിമനേത്തിന്റെ കൃതി ചൂഷണം ചെയ്തു എന്ന അർത്ഥത്തിൽ. കോപിഷ്ഠനായ ഗ്രന്ഥകാരൻ അടുത്ത കൗമുദി വാരികയിൽ ഒരു നോവലെഴുതിത്തുടങ്ങി. അതിന്റെ ആദ്യത്തെ ഖണ്ഡിക വായിച്ചപ്പോൾ ഏതോ ഒരാളിനെ അവതരിപ്പിക്കുന്നു എന്നേ എനിക്കു തോന്നിയുള്ളൂ. വായിച്ചു വരുന്തോറും അത് എന്നെക്കുറിച്ചാണോ എന്ന സംശയം ഉണ്ടായിത്തുടങ്ങി. ഒടുവിൽ ഞാൻ തന്നെയാണ് വൾഗറായ ആ നോവലിലെ പ്രധാന കഥാപാത്രം എന്നു മനസ്സിലാക്കി. ഇങ്ങനെ നമ്മുടെ 'സെൽഫ്' നമ്മുടെ സെൽഫിനെത്തന്നെ കാണുന്ന സന്ദർഭങ്ങളുണ്ട്. അതും കൂടെ പ്രദർശിപ്പിക്കുന്നു ബോർഹെസ്. വായനക്കാർ ഇത്തരം കഥകൾ വായിച്ച് അനുഭവ ചക്രവാളം വികസിപ്പിക്കണം. അല്ലാതെ ഖസാക്കിന്റെ ഇതിഹാസം, ഒ. വി. വിജയൻ: ഒ. വി. വിജയൻ, ഖസാക്കിന്റെ ഇതിഹാസം, ഉത്തരായനം, അരവിന്ദൻ; അരവിന്ദൻ, ഉത്തരായനം എന്നു മാത്രം ഉരുവിട്ടുകൊണ്ട് ഇരിക്കരുത്. വിജയനോടും, അരവിന്ദനോടും എനിക്കു സ്നേഹബഹുമാനങ്ങളേയുള്ളുവെന്നും അവരെ ഒരുവിധത്തിലും ആക്ഷേപിക്കുകയല്ലെന്നും കൂടി എഴുതിക്കൊള്ളട്ടെ.

മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ 49-ആം പുറത്ത് ഒരു പരസ്യം. "മണലാരണ്യത്തിന്റെ മടിത്തട്ടിൽ" മണൽക്കാട് എന്ന അർത്ഥത്തിലാണ് പ്രയോഗമെങ്കിൽ 'മണലരണ്യം' എന്നു വേണം. അരണ്യം = കാട്. ആരണ്യം = കാടിനെസ്സംബന്ധിച്ചത്. 'ശബ്ദതാരാവലി'യുടെ ആറാമത്തെ പ്രസാധനത്തിൽ ആരണ്യത്തിന് കാട് എന്ന് അർത്ഥം നല്കിയിരിക്കുന്നത് ചിന്തനീയം. സർ മോണിയർ വില്യംസിന്റെ Sanskrit–English Dictionary-യിൽ ആരണ്യ ശബ്ദത്തിന് being in or relating to a forest എന്നേ അർത്ഥം കൊടുത്തിട്ടുള്ളൂ.

ഉത്കണ്ഠയും ജിജ്ഞാസയും

കഥകൾ വായിക്കുമ്പോൾ രണ്ടു തരത്തിലുള്ള മാനസികാവസ്ഥകളാണ് അനുവാചകന് ഉണ്ടാവുക. ഒന്ന്: ജിജ്ഞാസ. രണ്ട്: ഉത്കണ്ഠ. ജിജ്ഞാസയ്ക്ക് അതിപ്രസരം സംഭവിച്ചാൽ ഡിറ്റക്ടീവ് അംശം കൂടി എന്നർത്ഥം. ഉത്കണ്ഠയ്ക്കും ജിജ്ഞാസയ്ക്കും ബന്ധമില്ല. സഹാനുഭൂതിയാണ് ഉത്കണ്ഠയ്ക്ക് ആസ്പദം. ജിജ്ഞാസയിൽ സഹാനുഭൂതി തീരെയില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ 'പൂവമ്പഴം'. എന്ന ചെറുകഥ വായിക്കുമ്പോൾ നവവധുവിന് പൂവമ്പഴം വാങ്ങിക്കൊണ്ടു വരാൻ വേണ്ടി നദി നീന്തിക്കടക്കുന്ന നവവരനോടു നമുക്കു സഹതാപമുണ്ടാകുന്നു. ഈ സഹതാപം അല്ലെങ്കിൽ സഹാനുഭൂതിയാണ് സാഹിത്യകൃതിയുടെ ഉത്കൃഷ്ടത കൂട്ടുന്നത്. തകഴി ശിവശങ്കരപ്പിള്ളയുടെ "വെള്ളപ്പൊക്കത്തിൽ" എന്ന കഥയിലെ പട്ടിയോട് നമുക്ക് സഹതാപം ജനിക്കുന്നു. അതുകൊണ്ടാണ് അതിന്റെ മരണത്തിൽ നമുക്കു വിഷാദം ജനിക്കുന്നത്. ഉറൂബിന്റെ "വാടകവീടുകൾ" എന്ന കഥയിലെ ദരിദ്രനായ സാഹിത്യകാരനെ പങ്കജം ലോഡ്ജിൽ നിന്ന് ഇറക്കി വിടുമ്പോൾ നമ്മുടെ സഹാനുഭൂതി പരകോടിയിലെത്തുന്നു. 'പൂവമ്പഴ'ത്തിലെ ഭർത്താവിന്റെയും 'വെള്ളപ്പൊക്ക'ത്തിലെ പട്ടിയുടെയും 'വാടകവീടുകളി'ലെ സാഹിത്യകാരന്റെയും കഥകൾ എന്റെ കഥകൾ തന്നെയാണെന്ന് എനിക്കു തോന്നുന്നു. ഈ അനുഭവം എൻ. ടി. ബാലചന്ദ്രന്റെ കഥകൾ പ്രദാനം ചെയ്യുന്നില്ല. ഒരു യുവാവിനെ കാണാൻ ഒരതിസുന്ദരി വരുന്നു. അവളെ അയാൾക്ക് ഓർമ്മയില്ല; അവൾ പൂർവ്വ കാമുകിയായിരുന്നിട്ടും. അവൾ ദുഃഖിക്കുന്നു. ഓർമ്മക്കുറവിന്റെ കാര്യം കഥയുടെ അന്ത്യത്തോട് അടുപ്പിച്ച് കഥാകാരൻ വ്യക്തമാക്കുന്നുണ്ട്. വിപ്ലവകാരിയായ ആ ചെറുപ്പക്കാരൻ പൊലീസിന്റെ മർദ്ദനമേറ്റതുകൊണ്ട് തലച്ചോറ് തകരാറിലായിപ്പോയി. പഴയ കാര്യമൊന്നും അയാളുടെ സ്മൃതിപഥത്തിലെത്തുകയില്ല. കഥാകാരൻ കഥ പറഞ്ഞവസാനിപ്പിച്ചിട്ടും നമ്മൾ ഒരു വികാരവും കൂടാതെ മാതൃഭൂമി ആഴ്ചപ്പതിപ്പ് അടച്ചു വയ്ക്കുന്നു. "അഞ്ചു വയസ്സുള്ള ഒരാൾ" എന്ന ഈ കഥയിൽ സഹാനുഭൂതിക്കല്ല, ജിജ്ഞാസയ്ക്കാണു പ്രാധാന്യം. ഒരു 'കോൺസെപ്റ്റ്' നേരത്തേ രൂപപ്പെടുത്തിയതിനു ശേഷം അതിനെ ഭാഷ കൊണ്ടു പൊതിഞ്ഞാൽ ഇതായിരിക്കും ഫലം. ജിജ്ഞാസ എന്ന അംശം പ്രാമുഖ്യമാർജ്ജിക്കുന്നത് ഇൻഫീരിയർ ആർട്ടിലാണ്.

രാത്രി. വിദ്യുച്ഛക്തിയില്ല. മുൻപിലിരിക്കുന്ന മെഴുകുതിരിയുടെ ദീപം ഇതെഴുതാൻ എന്നെ സഹായിക്കുന്നില്ല. കൂരിരുട്ടിൽ നിന്ന് എന്നെയും കൊടും തമസ്സിനെയും സ്വതന്ത്രമാക്കാനാണ് ദീപം യത്നിക്കുന്നത്, വ്യർത്ഥയത്നം. ജനലുകളിൽക്കൂടി ഇരച്ചു കയറുന്ന അന്ധകാരം എന്നെ ഗ്രസിക്കുന്നു. എന്റെ കൊച്ചു മെഴുകുതിരി ദീപത്തെ ഗ്രസിക്കുന്നു. സാഹിത്യത്തിന്റെ അന്ധകാരം അനുവാചക ഹൃദയത്തിലെ ചെറിയ ദീപത്തെ—കലാസ്വാദന പ്രകാശത്തെ വിഴുങ്ങുന്നതു പോലെ. പ്രകൃതിയും സാഹിത്യത്തിനു ചേർന്നിരിക്കുന്നു.

ജലജ



ജലജ

ഈ ലോകത്ത് ഏറ്റവും മനോഹരമായിട്ടുള്ളതു സുന്ദരിയായ ചെറുപ്പക്കാരിയുടെ ചിരിയോ പുഞ്ചിരിയോ ആണെന്ന് ഇതെഴുതുന്ന ആൾ മുൻപു പറഞ്ഞിട്ടുണ്ട്. മലയാളനാടു വാരികയുടെ മുഖചിത്രം നോക്കുക. ചലച്ചിത്രതാരം ജലജയുടെ പടം. ആ യുവതി പുഞ്ചിരി പൊഴിക്കുന്നു. അതിനെക്കാൾ ആകർഷകമായി ഈ ലോകത്തു വേറൊന്നുമില്ലെന്ന് എനിക്കു തോന്നുന്നു.

സംസ്കാര സമ്പന്നയാണ് ഈ ചലച്ചിത്രതാരം. അവരെ എനിക്കു നേരിട്ടറിയാം. ഒരു ദിവസം ഒരു സമ്മേളനത്തിനു പോകാൻ അവർ എന്റെ വീട്ടിന്റെ മുൻപിൽ വന്നു. ജലജയാണ് കാറിനകത്തിരിക്കുന്നതെന്ന് അറിഞ്ഞപ്പോൾ അവരെ പരിചയപ്പെടാൻ എന്റെ ബന്ധുക്കൾക്ക് താല്പര്യം. ഞാൻ ഒന്ന് സൂചിപ്പിച്ചതേയുള്ളൂ. അതിനു മുൻപ് ജലജ കാറിൽ നിന്നിറങ്ങി അവരോടു സ്നേഹപൂർവം സംസാരിച്ചു. ചലച്ചിത്ര താരങ്ങളുടെ അഹങ്കാരവും മര്യാദകേടും അഭിജാതയായ ഈ യുവതിക്കില്ല.

സമ്മേളനം ആരംഭിച്ചപ്പോൾ സ്വാഗതം ആശംസിച്ചയാൾ ജലജയെ ശ്രീമതി എന്ന പദം കൊണ്ടു വിശേഷിപ്പിച്ചു. കൈ കുടഞ്ഞുകൊണ്ട് "ഞാൻ ശ്രീമതിയല്ല, വിവാഹം കഴിഞ്ഞിട്ടില്ല എന്റെ" എന്ന് അവർ എന്നോടു പറഞ്ഞു. "ശ്രീയുള്ളവൻ ശ്രീമാൻ. ശ്രീയുള്ളവൾ ശ്രീമതി. അതുകൊണ്ടു ശ്രീമതി എന്ന വിശേഷണത്തിൽ തെറ്റൊന്നുമില്ലെ"ന്നു ഞാനറിയിച്ചു. മലയാളനാടിന്റെ കവർ പേജിൽ ജലജ ശ്രീയോടുകൂടി വിലസുന്നതു കണ്ടപ്പോൾ ഇത്രയും കുറിക്കണമെന്നു തോന്നി.

വി. കെ. എൻ

വി. കെ. എൻ. പ്രഭാഷണവേദിയിലിരിക്കുന്നു. സ്വാഗതം ആശംസിക്കൽ എന്റെ ജോലി. എന്റെ സ്വാഗത പ്രഭാഷണം.

"സഭാവേദിയിലിരിക്കുന്ന വണ്ണവും പൊക്കവും കൂടിയ ആൾ വി. കെ. എന്നാണ്. പ്രശസ്തനായ ഹാസ്യസാഹിത്യകാരൻ. മറ്റു ഹാസ്യസാഹിത്യകാരന്മാരെക്കാൾ അദ്ദേഹത്തിനു പൊക്കമുണ്ട്. വണ്ണവും കൂടുതലാണ്. അതു കൊണ്ടുതന്നെയാണ് അദ്ദേഹത്തെ ഞങ്ങൾ ഈ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ ക്ഷണിച്ചത്.

കലാപരങ്ങളായ വസ്തുതകളെക്കാൾ സത്യത്തെ മാനിക്കുകയും സത്യത്തെക്കാൾ കലാപരങ്ങളായ വസ്തുതകളെ മാനിക്കുകയും ചെയ്യുന്ന ഈ അതികായൻ നമ്മെ ചിരിപ്പിക്കുന്ന പല പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. എംബസ്സികളിൽ ബന്ധുക്കളും സുഹൃത്തുക്കളും ഇല്ലാത്തതു കൊണ്ടാവണം അദ്ദേഹത്തിന്റെ ഹാസ്യ കൃതികൾ മറ്റു ഭാഷകളിലേക്കു തർജ്ജമ ചെയ്യാത്തത്. എങ്കിലും ഹാസ്യത്തിന്റെ വിലയറിയുന്ന കാലം വരുമെന്നും വി. കെ. എന്നിന്റെ തിരഞ്ഞെടുത്ത കഥകൾ ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും തർജ്ജമ ചെയ്യുമെന്നും ഞാൻ വിചാരിക്കുന്നു. മന്ത്രിമാരുടെ കാറുകൾക്കു വേഗം കൂടുകയും മനുഷ്യായുസ്സിന്റെ കാലം വളരെ കുറയുകയും ചെയ്യുന്ന ഈ കാലത്ത് വി. കെ. എന്നിന്റെ കൃതികൾ വായിക്കുന്നതു കൊള്ളാം. ചിരിച്ചുകൊണ്ട് റോഡിലിറങ്ങി, മന്ത്രിയുടെ കാറുതട്ടി മരിച്ചു എന്നൊരാശ്വാസം പരേതാത്മാവിന് ഉണ്ടാകും.

കുറെയൊക്കെ ആവർത്തനമുണ്ടെങ്കിലും ഏതു വിഷയവും തന്റേതായ രീതിയിൽ പ്രതിപാദിക്കുന്ന ഈ ഹാസ്യസാഹിത്യകാരൻ റേഡിയോ പ്രഭാഷണത്തിനു പോയി പണം ചെലവാക്കുന്ന ഒരു മദ്യപനെ കലാകൗമുദി വാരികയിൽ അവതരിപ്പിച്ചിട്ടുണ്ട്. നിഷ്പ്രയാസം വഴങ്ങുന്ന തരുണിയോട് ആഭിമുഖ്യം കുറയും പുരുഷന്. വളരെക്കാലം തട്ടിയും മാറ്റിയും ചീറ്റിയും നില്ക്കണം അവൾ. എങ്കിലേ രസം കൂടൂ. വളരെ വേഗത്തിൽ വഴങ്ങുന്നവളല്ല വി. കെ. എന്നിന്റെ ഹാസ്യാംഗന വഴങ്ങിക്കഴിഞ്ഞാൽ രസം നല്കുകയും ചെയ്യും. മഹതികളേ, മഹാന്മാരേ, ഇതാ വി. കെ. എൻ".

പരുഷോക്തികൾ

ഗർഹണീയങ്ങളായ കഥകൾ ഉണ്ടായേ മതിയാവൂ. അല്ലെങ്കിൽ എനിക്കു കുറ്റം പറയാൻ കഴിയുകയില്ലല്ലോ. അതുകൊണ്ട് മനോരാജ്യത്തിൽ മൂക്കുത്തിയെക്കുറിച്ച് കഥയെഴുതിയ ഗിരിജാ തമ്പിക്കു കൃതജ്ഞത പറയുന്നു. മൂക്കുത്തി മോഷ്ടിച്ചതു ഗൃഹനായികയുടെ മകൻ. സംശയിച്ചതു വേലക്കാരനെയും, സത്യം തെളിയുന്നു. എന്തൊരു തുച്ഛ സംഭവം! എന്തൊരു തുച്ഛമായ കഥ!

എഴുപതു വയസ്സായ കിഴവി റബ്ബർ അകത്തുള്ള 'ബ്രാ' ധരിച്ച് പട്ടു ബ്ളൗസിട്ട് മിനി സ്കർട്ട് ഉടുത്തു നിന്നാൽ എങ്ങനെയിരിക്കും? എങ്ങനെയിരിക്കുമോ അങ്ങനെയിരിക്കുന്നു മലയാള മനോരമ ആഴ്ചപ്പതിപ്പിലെ ചാപ്പൻ എന്ന കഥ. ഏനാത്ത് മാത്യൂസ് സൈമൺ കിഴവിയെ അവതരിപ്പിക്കുന്നു.

എന്റെ വീട്ടിൽ ഒരു വാരികയ്ക്കു ലേഖനം ചോദിക്കാൻ വരാറുണ്ടായിരുന്ന ഒരു നല്ല ചെറുപ്പക്കാരൻ കോവളം കടലിൽ കളിക്കാൻ പോയി. കൂടെ ചില സുഹൃത്തുക്കളും. യുവാവിനെ കടൽ വലിച്ചെടുത്തുകൊണ്ട് പോയപ്പോൾ അദ്ദേഹം 'രക്ഷിക്കണേ' എന്ന മട്ടിൽ കൈ വീശി. എന്നാൽ കടൽക്കരയിൽ നിന്ന കൂട്ടുകാർ വിചാരിച്ചത് അദ്ദേഹം സ്നേഹസൂചകമായി കൈ വീശി എന്നാണ്. യുവാവിന്റെ മൃതദേഹം പോലും കിട്ടിയില്ല. സഖി വാരികയിൽ ഒരു 'ദുഃഖസ്മൃതി' എന്ന മിനിക്കഥ എഴുതിയ കലഞ്ഞൂർ സഹദേവൻ കലാസാഗരത്തിൽ മുങ്ങിത്താഴുകയാണ്. അദ്ദേഹത്തിന്റെ കൈവീശൽ സ്നേഹസൂചകമല്ല. രക്ഷിക്കൂ പാവത്തിനെ.

വിദഗ്ദ്ധന്മാർ അശ്ലീലം പറഞ്ഞാലും രസപ്രദമായിരിക്കും. തിക്കുറിശ്ശി സുകുമാരൻ നായരുടെ പാരഡികൾ—ഹാസ്യാനുകരണങ്ങൾ—പ്രഖ്യാതങ്ങളാണ്. രമണീയങ്ങളാണ് മറ്റൊരാൾ ചെയ്താൽ ആഹ്ലാദദായകങ്ങളാവുന്ന പ്രവൃത്തികൾ തനിയെ ചെയ്താൽ അങ്ങനെയാവുകയില്ലെന്നു തെളിയിക്കാൻ വേണ്ടി വള്ളത്തോൾ ഒരിക്കൽ പറഞ്ഞു: "സുഖമോ സുന്ദരാംഗിക്കു സ്വഹസ്തകുചമർദ്ദനം?"

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യ വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.